"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്-കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (മത്സ്യബോർഡ്) - സമഗ്ര പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.457/2024/F&P തീയതി,തിരുവനന്തപുരം, 06-08-2024

---

പരാമർശം:-
1. 29.05.2024 ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മത്സ്യമേഖലയിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് കൂടിയ യോഗതീരുമാനം.
2. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണറുടെ 24/06/2024-ലെ KFWFB/217/2024-B നമ്പർ കത്ത്.

**ഉത്തരവ്**

മത്സ്യബോർഡിന്റെ ഡയറക്ടർ ബോർഡ് അംഗീകാരം നൽകിയ പദ്ധതികൾ അടങ്ങിയ **കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ** സമഗ്ര പ്രൊപ്പോസൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണർ പരാമർശം (2) പ്രകാരം സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി . അംശാദായം വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വിഭവശേഷി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ഉണ്ടാകുമെന്നും സർക്കാർ ധനസഹായം ഇതിന് ആവശ്യമായി വരുന്നില്ലെന്നും ക്ഷേമനിധി ബോർഡ് കമ്മീഷണർ അറിയിച്ചിരുന്നു. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അംശദായ നിരക്കുകൾ 01.08.2024 -ലെ അസാധാരണ ഗസറ്റ് നമ്പർ 2489 പ്രകാരം പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ചുവടെ വിവരിക്കും പ്രകാരമുള്ള **കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ** സമഗ്ര പ്രൊപ്പോസൽ അംഗീകരിച്ചുത്തരവാകുന്നു.

1. മത്സ്യബന്ധനസമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം.
- നിലവിലെ ധനസഹായ നിരക്ക് 50,000/- രൂപയിൽ നിന്ന് 1,00,000 രൂപയായി

വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

2. മത്സ്യ, അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ ധനസഹായ പദ്ധതി - നിലവിലെ ധനസഹായ നിരക്ക് 10,000/- രൂപയിൽ നിന്ന് 25,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

3. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി - നിലവിലെ ധനസഹായ നിരക്ക് 600/- രൂപയിൽ നിന്ന് 2,000/-രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

4. MBBS, BDS, BAMS, BHMS, പാരാമെഡിക്കൽ എന്നീ പ്രൊഫഷണൽ മെഡിക്കൽ കോഴ്സുകൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭ്യമാകാത്തതിനാൽ സ്വാശ്രയ കോളേജുകളിലോ, വിദേശത്തോ പോയി പഠിക്കുന്ന ക്ഷേമനിധി അംഗങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി.

5. ഗ്രന്ഥശാലകളുടെ പ്രവർത്തനം പരിപോഷിപ്പിച്ച് ലക്ഷ്യബോധമുള്ള മത്സ്യത്തൊഴിലാളി സമൂഹത്തെ വാർത്തെടുക്കുന്നതിനും അതുവഴി നാടിന്റെ സാംസ്ക്കാരിക ഉന്നമനം ഉറപ്പാക്കുന്നതിനുമുള്ള പദ്ധതി പ്രകാരം ഫിഷറീസ് ഓഫീസ് പരിധിയിലെ തെരഞ്ഞെടുക്കപ്പെടുന്ന ഗ്രന്ഥശാലയ്ക്ക് 20,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.

6. പെട്ടെന്നുണ്ടാകുന്ന കാലാവസ്ഥ വ്യതിയാനങ്ങളും അപകട മുന്നറിയിപ്പുകളും മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള രക്ഷാസേന രൂപീകരിക്കുന്നതിന് ഓരോ ഫിഷറീസ് ഓഫീസിനും പരമാവധി 5,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.

7. മത്സ്യ ബോർഡിന്റെ പ്രവർത്തനങ്ങളും ക്ഷേമനിധി ബോർഡ് മുഖേന നൽകുന്ന ആനുകൂല്യങ്ങളും സംബന്ധിച്ച് മത്സ്യ, അനുബന്ധ തൊഴിലാളികളെ ബോധവൽക്കരിക്കുന്നതിനുള്ള പദ്ധതി നടത്തിപ്പിനായി ഓരോ ജില്ലയ്ക്കും ബന്ധപ്പെട്ട റീജിയണൽ എക്സിക്യൂട്ടീവ് മുഖേന 15,000/- രൂപ ബോർഡിന്റെ ധനസ്ഥിതിക്കനുസൃതമായി ബോർഡ് തീരുമാനപ്രകാരം അനുവദിക്കുന്നതിനുള്ള പദ്ധതി.

8. മത്സ്യബന്ധന യാനങ്ങൾക്കും വല തുടങ്ങിയ മത്സ്യബന്ധന

ഉപകരണങ്ങൾക്കും അപകടങ്ങളിൽ നഷ്ടം സംഭവിക്കുമ്പോൾ ഉടമസ്ഥർക്കുണ്ടാകുന്ന നഷ്ടം ലഘൂകരിക്കുന്നതിന് ആശ്വാസ ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പദ്ധതി.

**9.** സംസ്ഥാന ദേശീയതല മത്സരങ്ങളിൽആദ്യ മൂന്ന് സ്ഥാനങ്ങൾ നേടുന്ന മത്സ്യത്തൊഴിലാളികളുടെയും, അനുബന്ധ തൊഴിലാളികളുടെയും മക്കൾക്ക് അംഗീകാരമുള്ള പരിശീലകരിൽ നിന്നും അംഗീകാരമുള്ള പരിശീലന സ്ഥാപനത്തിൽ നിന്നും തുടർ പരിശീലനം നേടുന്നതിന് ഒരാൾക്ക് **50,000/-** രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി.

**10.** അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടുന്ന കായികപ്രതിഭകളുടെ യാത്രാച്ചെലവിന് ഒരാൾക്ക് പരമാവധി ഒരു ലക്ഷം രൂപ അനുവദിക്കുന്ന പദ്ധതി.

**11.** മത്സ്യബോർഡ് നിലവിൽ നടപ്പാക്കിവരുന്ന മാരകരോഗ ചികിത്സാ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച്, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ഭാര്യയ്ക്കോ ഭർത്താവിനോ **18** വയസ്സിൽ താഴെയുള്ള കുട്ടികൾക്കോ മാരകരോഗം സംഭവിച്ചാൽ, രോഗത്തിന്റെ സ്വഭാവം/തീവ്രതയുടെ അടിസ്ഥാനത്തിൽ പരമാവധി **25,000/-** രൂപ വരെ ചികിത്സയ്ക്കായി ധനസഹായം നൽകുന്നതിനുള്ള പദ്ധതി.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**K S SRINIVAS**
പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ